കൊട്ടാരക്കര ശിശുവികസന പദ്ധതിയുടെ പരിധിയിൽ അനുവദിച്ച അംഗൻവാടികൾ

54 (2052) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര ശിശുവികസന പദ്ധതിയുടെ പരിധിയിൽ അനുവദിച്ച അംഗൻവാടികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ ഓരോ പഞ്ചായത്തിലും ഇപ്പോൾ പ്രവർത്തിക്കുന്ന അംഗൻവാടികൾ എത്രവീതമെന്ന് വ്യക്തമാക്കുമോ ;

(സി) കൊട്ടാരക്കര ബ്ലോക്കിൽ വാർഡ് പുനർനിർണ്ണയം നടന്നപ്പോൾ വാർഡുകളുടെ എണ്ണത്തിലും ജനസംഖ്യയിലും വർദ്ധനവുണ്ടായിരിക്കുന്ന സാഹചര്യത്തിൽ ജനസംഖ്യാനുപാതികമായി കൂടുതൽ അംഗൻവാടികൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അംഗൻവാടികളുടെ പഞ്ചായത്തു തിരിച്ചുള്ള എണ്ണം ചുവടെ കൊടുക്കുന്നു.

കൊട്ടാരക്കര	26
നെടുവത്തൂർ	25
എഴുകോൺ	21
കരീപ്ര	25
വെളിയം	27
പൂയപ്പള്ളി	20

(ബി) ചുവടെ കൊടുക്കുന്നു

കൊട്ടാരക്കര	26
നെടുവത്തൂർ	25
എഴുകോൺ	21
കരീപ്ര	25
വെളിയം	27
പൂയപ്പള്ളി	20

(സി) പുതിയതായി അംഗൻവാടികൾ അനുവദിക്കുന്നതിന് കേന്ദ്രാനുമതി ആവശ്യമാണ്. കേന്ദ്രാനുമതിക്കായി എഴുതുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly